മനസ്സിലാക്കുന്നു എന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. ഈ ദാരുണമായ സംഭവം നടന്നതിനു ശേഷം മനുഷ്യസാദ്ധ്യമായി ചെയ്യാവുന്ന കാര്യങ്ങളെല്ലാം ഗവണ്മെൻറു ചെയ്തിട്ടുണ്ടു്. അന്വേഷണം നടന്നുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ഇതിനെക്കുറിച്ചു് ഒരു അഭിപ്രായം പറയുന്നതു് ശരിയല്ല. എന്നാലും ഇനിമേലിൽ ഇതു സംഭവിക്കാതിരിക്കാൻ ഗവണ്മെൻറിനെക്കൊണ്ടു കഴിയുന്ന എല്ലാ നടപടികളും എടുക്കുന്നതാണു്. ബഹുമാനപ്പെട്ട ശ്രീ. അബു പറഞ്ഞതുപോലെയുള്ള ഏതു കാര്യങ്ങളെക്കുറിച്ചും ഗവണ്മെൻറു് തുറന്ന മനസ്സോടെ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണെന്നു് ഈ സഭയെ അറിയിക്കാൻ ഞാനാഗ്രഹിക്കുന്നു.

ശ്രീ. കെ. കെ. അബു : സർ, ഈ സംഭവത്തെ തുടർന്നു് ഉദ്യോഗസ്ഥന്മാരും അതുപോലെ ആശുപത്രിയിലെ ഡാക്ടർമാരുമെല്ലാം വളരെ അഭിനന്ദനാർഹമായ കാര്യങ്ങളാണു് ചെയ്തിട്ടുള്ളതു്. കുത്തുപറമ്പു ആശുപത്രിയിൽ ഒരു ഡാക്ടറേയുള്ളു. പുറമേയുള്ള ഡാക്ടർമാർപോലും വന്നു് വളരെ കാര്യമായി പ്രവർത്തിച്ചിട്ടുണ്ടു്. പക്ഷേ എ. ടി. എസ്സു്. ഇഞ്ചക്ഷൻ എടുക്കാനുള്ള മരുന്നു് കുത്തുപറമ്പു് ആശുപത്രിയിൽ ഉണ്ടായിരുന്നില്ല. അതു് പുറമെ നിന്നുവാങ്ങേണ്ടിവന്നു. തലശ്ശേരി ആശുപത്രിയിൽ ഓക്സിജൻ കൊടുക്കാൻ സൗകര്യമുണ്ടായിരുന്നെങ്കിൽ രണ്ടു കുട്ടികളെ രക്ഷിക്കാൻ കഴിയുമായിരുന്നു എന്നു് അവിടത്തെ ഡാക്ടർ പറയുകയുണ്ടായി. ഇതു് വളരെ പ്രധാനമായിട്ടു് കണക്കിലെടുക്കേണ്ടതാണെന്നു് ഞാൻ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെടുത്തുകയാണു്.

മി. സ്പീക്കർ : മി. അബു ഇതൊക്കെ ആദ്യം ഇല്ലാന്നയിച്ച സമയത്തു പറഞ്ഞാൽ മതിയായിരുന്നു.

ശ്രീ. കെ. കെ. അബു : എപ്പോഴും പറഞ്ഞാലും വളരെ പ്രധാനപ്പെട്ട കാര്യമായതുകൊണ്ടാണു് പറയുന്നതു്.

മി. സ്പീക്കർ : റൂൾ 61 ഉന്നയിച്ചു് അതിനു് മറുപടിയും പറഞ്ഞതിനുശേഷം പിന്നീടു് ചോദ്യങ്ങളും ചോദിക്കുന്നതു് നടപടിക്രമമല്ല.

കേരളത്തിലെ ആശുപത്രികളിൽ രോഗികൾക്കു കൊടുക്കുന്ന ആഹാരത്തിന്റെ ക്രമത്തിലും വിലയിലും വ്യത്യാസം വരുത്തിയതിനാൽ മലബാറിലെ രോഗികൾക്കു് പ്രത്യേകിച്ചും ക്ഷയരോഗികളുടെ ആഹാരത്തിൽ കുറവു വന്നതിനാൽ പരിയാരം സാനിട്ടോറിയത്തിലെ രോഗികൾ 28—7—1969-ാം തീയതി മുതൽ നിരാഹാരം തുടങ്ങിയതിനാൽ രോഗികളിലും പൊതുജനങ്ങളിലും ഉൽക്കണ്ഠയുണ്ടായിട്ടുണ്ടു്. ഈ വിവരം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടി ശ്രീ. കെ. പി. രാഘവപ്പൊതുവാൾ റൂൾ 61 അനുസരിച്ചു് ഒരു നോട്ടീസും തന്നിട്ടുണ്ടു്. വേണ്ട മേൽ നടപടിക്കായി ബന്ധപ്പെട്ട മന്ത്രിക്കും ഇതു് അയച്ചു കൊടുക്കുന്നതാണു്.

Panel of Chairmen

മി. സ്പീക്കർ : ഈ സമ്മേളനത്തിന്റെ പാനൽ ഓഫു് ചെയർമെൻ ആയി ബഹുമാനപ്പെട്ട ശ്രീ. പി. ഗോവിന്ദപ്പിള്ള, ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ, ശ്രീ. ജെ. എ. ചാക്കോ എന്നീ മെമ്പറന്മാരെ ഞാൻ നിശ്ചയിക്കുകയാണു്.

Papers laid on the Table:

Chief Minister (**Shri E. M. S. Namboodiripad**): I lay on the Table:

(a) A copy of the Notification G. O. (P) 3/69/Plg. dated 30th January 1969 issued by the Government under sub-section (1) of Section 2 of the Kerala Public Services Act 1968 (19 of 1968) containing amendments to special rules in respect of the Kerala Statistics and Economics service.

LIBRARY ARCHIVES Kerala Legislative Assembly